Legislative Business

(7) 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

(8) 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ,

2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ ഞാൻ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ, 2026-ലെ കേരള നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: ബില്ലുകൾ പരിഗണയ്ക്കെടുക്കുന്നു.

2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ട് മുതൽ നാല് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

അഞ്ചാം വകുപ്പ്

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, ഞാൻ താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. അഞ്ചാം വകുപ്പിൽ ഒരു അക്ഷരത്തെറ്റ് വന്നിട്ടുണ്ട്.

“rupees fifty thousand rupees” എന്നത് മാറ്റി പകരം വരേണ്ടത് “rupees seventy five thousand rupees” എന്നാണ്. അവസാനം ആവർത്തിച്ചുവന്നിരിക്കുന്ന “rupees” എന്ന വാക്ക് ഒഴിവാക്കേണ്ടതാണ്. ആവർത്തനം ഒഴിവാക്കണം.

In Section 5D of the Principal Act,-

(i) for the words ‘ ’ rupees fifty thousand’ ’ the words ‘ ’ rupees seventy five thousand’ ’ shall be substituted.

ശ്രീ. സജി ചെറിയാൻ: സർ, ഫ്ലൈറ്റിന്റെ കാര്യമല്ലേ അങ്ങ് സൂചിപ്പിച്ചത്. ഫ്ലൈറ്റിൽ പോകാത്തവരുടെ കാര്യമോ?

ശ്രീ. സണ്ണിജോസഫ്: സർ, ഫ്ലൈറ്റിന് അമ്പതിനായിരം രൂപയെന്നത് എഴുപത്തി അയ്യായിരം രൂപയാക്കി.

ശ്രീ. സജി ചെറിയാൻ: സർ, എയർപോർട്ട് ഇല്ലാത്ത സ്ഥലങ്ങളിൽ...

മി.സ്പീക്കർ: എയർപോർട്ടില്ലാത്ത സ്ഥലത്തുള്ള ഈ എം.എൽ.എ.-മാർ..... ഇതൊന്നും വ്യക്തിഗതമല്ല. എയർപോർട്ടില്ലാത്ത സ്ഥലത്ത് 10-40 എം.എൽ.എ.-മാർ ഉണ്ടാകില്ലേ.

ശ്രീ. സണ്ണിജോസഫ്: സർ, അങ്ങനെയാണെങ്കിൽ എം.എൽ.എ.-മാരുടെ പൊതുവായിട്ടുള്ള ആവശ്യം പരിഗണിച്ചുകൊണ്ട്, ഇത് ആവശ്യമായ സന്ദർഭത്തിൽ റെയിൽവേ കൂപ്പണായി മാറ്റാനും അനുവാദം നൽകുന്നതാണ് എന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു.

(ii) the following proviso shall be inserted namely:-

‘ ’ Provided that, in case where air journey is not claimed by a member, the unclaimed entitlement shall be convertible, as applicable, into rail travel coupon or fuel coupon, for the respective financial year, as may be prescribed.’ ’

ശ്രീ. വി. ജോയി: സർ, തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ ആവശ്യമായ ഘട്ടത്തിൽ റോഡുകൂടി ചേർക്കണം.

ശ്രീ. സണ്ണി ജോസഫ്: സർ, ഡീസൽ കൂപ്പണാക്കാം.

മി. സ്പീക്കർ: ഒരു ഡീവിയേഷനാണെങ്കിൽ കറക്ട് ഡീവിയേഷൻ എടുക്കുന്നതല്ലേ ഉചിതം. ഈ തുക അർഹിക്കുന്നതാണോ അല്ലയോ എന്നതാണ് പ്രധാന പ്രശ്നം. അർഹിക്കുന്നതാണെന്ന് കണ്ടാൽ ഉപയോഗിക്കാൻ കഴിയുന്ന വിധത്തിൽ വിനിയോഗിക്കണം.

ശ്രീ. സണ്ണി ജോസഫ്: സർ, അങ്ങനെയാണെങ്കിൽ Rail or Diesel

coupon എന്ന് മാറ്റം വരുത്താം.

മി. സ്പീക്കർ: മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്ത പ്രകാരമുള്ള അഞ്ചാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ

(ഭേദഗതിയില്ല)

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ആറ് മുതൽ പത്ത് വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി

ജോസഫ്): സർ, 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ ശമ്പളവും ബത്തകളും നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകലിക്കുന്നവർ.....

പ്രതിക്കൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

(2026-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ)

2026-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ

രണ്ടും മൂന്നും വകുപ്പുകൾ

(ഭേദഗതിയില്ല)

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

രണ്ടും മൂന്നും വകുപ്പുകൾ ബില്ലിന്റെ ഭാഗമായിരിക്കുന്നു.

പട്ടിക

(ഭേദഗതിയില്ല)

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പട്ടിക ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

പട്ടിക ബില്ലിന്റെ ഭാഗമായിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും

(ഭേദഗതിയില്ല)

ശ്രീ. സജി ചെറിയാൻ: സർ, ഇതിൽ എം.എൽ.എ.-മാരുടെ അഡീഷണൽ സ്റ്റാഫിന്റെ കാര്യം പറഞ്ഞിട്ടില്ല.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണിജോസഫ്): സർ, അഡീഷണൽ സ്റ്റാഫ് 20 എന്നുള്ളത് 30

ആക്കിയിട്ടുണ്ട്.

മി. സ്പീക്കർ: ഈ ബിൽ സംബന്ധിച്ച് പൊതുവായൊരു ചർച്ച ഇവിടെ വന്നിട്ടുണ്ട്. ആ ചർച്ചയിൽ ഉയർന്നുവന്ന കാര്യം ഞാൻ പരസ്യമായി പറയാം. ഗവൺമെന്റ് അത് അംഗീകരിക്കുമെങ്കിൽ മാത്രമേയുള്ളൂ. ഒരുദ്യോഗസ്ഥനെക്കൂടി ഇവർക്ക് അനുവദിക്കണം. അതിൽ പ്രധാനപ്പെട്ട ഒരു കാര്യം, തിരുവനന്തപുരത്തുനിന്ന് ഒരു പി.എ. വരും. ഡെവലപ്മെന്റൽ ആക്ടിവിറ്റീസ് നടക്കണമെങ്കിൽ തിരുവനന്തപുരത്തുനിന്ന് ഒരാളെ നിയമിച്ചാൽ മാത്രമേ സെക്രട്ടേറിയറ്റുമായി കണക്ഷൻസും ഡെവലപ്മെന്റൽ ആക്ടിവിറ്റീസും നടക്കുകയുള്ളൂ. ഇക്കാര്യം മുഖ്യമന്ത്രി തന്നെ പറയേണ്ടതാണ്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, അത് ഇതിന്റെ ഭാഗമാക്കേണ്ട ആവശ്യമില്ല. സർക്കാർ അത് പരിഗണിക്കാം. ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായം സർക്കാർ പരിഗണിക്കുന്നതാണ്.

മി. സ്പീക്കർ: ശരി.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണിജോസഫ്): സർ, 2026-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2026-ലെ നിയമസഭാംഗങ്ങൾക്ക് പെൻഷൻ നൽകൽ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ ഐകകണ്ഠ്യേന പാസ്സായിരിക്കുന്നു.

മി. സ്പീക്കർ: ഞാനൊരു കാര്യം സൂചിപ്പിക്കാം. 2018-ലാണ് ഒരു ചെയ്ഞ്ച് വന്നത്. അതിനുശേഷം ശമ്പളപരിഷ്കരണ കമ്മീഷൻ വന്നിട്ടുണ്ട്, പല ആളുകൾക്കും അനുകൂല്യങ്ങൾ കൊടുത്തിട്ടുണ്ട്. പക്ഷേ, നിയമസഭാംഗങ്ങൾ ആയതുകൊണ്ട് അവർക്ക് പറയാനൊരു വിഷമമുണ്ട്. കാരണം, അവർ ജനങ്ങളുടെ മുന്നിൽ നിൽക്കുന്ന ആളുകളാണ്. എന്നാലും ഈ ഫിനാൻഷ്യൽ കൺസ്ട്രെയിനൊക്കെ അവർ സഹിച്ച് മുന്നോട്ടുപോകുകയും ചെയ്യുമായിരുന്നു. അതിനെക്കുറിച്ചുള്ള ആവലാതികളും വിഷമങ്ങളും പ്രയാസങ്ങളും സ്വകാര്യത്തിലാണെങ്കിലും നിങ്ങളോട് എല്ലാവരോടും പറഞ്ഞിട്ടുണ്ടാകും. എന്നോട് അതിനേക്കാൾ കൂടുതലും പറഞ്ഞിട്ടുണ്ട്. ഏതായാലും അതിനൊരു പരിഹാരമുണ്ടായി എന്നുള്ളതിൽ ഞാൻ സർക്കാരിനെ അനുമോദിക്കുന്നു. ഇതിന് അനുകൂലമായിനിന്ന പ്രതിപക്ഷത്തെയും ഞാൻ പൂർണ്ണമായി അനുമോദിക്കുകയാണ്.